LIBRARY ARCHIVES Kerala Legislative Assembly

ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ട്

37 (45) ശ്രീ. എൻ. അനിരുദ്ധൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശമ്പള പരിഷ്ക്കരണകമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ : എങ്കിൽ ആയത് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ശമ്പളകമ്മീഷൻ റിപ്പോർട്ടിൽ വളരെയധികം അപാകതകളുണ്ടെന്ന് വിവിധ സർവ്വീസ് സംഘടനകൾ ആക്ഷേപം ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തുനടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) എന്നത്തേയ്ക്ക് ശമ്പളപരിഷ്ക്കരണം നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംഘടനകളുടെ ആക്ഷേപം സർക്കാരിന് ലഭിച്ചിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതിയും ധനകാര്യവകുപ്പും പരിശോധിച്ചുവരുന്നു.

(സി) മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട് പരിശോധിച്ച് താമസംവിനാ ശമ്പളപരിഷ്ക്കരണം നടപ്പാക്കുന്നതാണ്.

സിവിൽ സർവ്വീസ് നവീകരണം

38 (46) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സർവ്വീസ് നവീകരിക്കുന്നതിനായി ഭരണപരിഷ്ക്കാര കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് റിപ്പോർട്ട് നൽകിയത് ;

(സി) കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ് ;

(ഡി) ഈ ശുപാർശകൾ നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന രൂപീകരണശേഷം, 1957-ൽ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ചെയർമാനായും 1965-ൽ ശ്രീ. എം. കെ. വെള്ളോടി, ഐ.സി.എസിന്റെ നേതൃത്വത്തിലും 1997-ൽ ശ്രീ. ഇ. കെ. നായനാർ ചെയർമാനായും മൂന്ന് ഭരണപരിഷ്കാര കമ്മിറ്റികൾ രൂപീകരിക്കപ്പെടുകയും ടി കമ്മിറ്റികൾ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ശ്രീ. ഇ. കെ. നായനാർ ചെയർമാനായുള്ള മൂന്നാമത് കമ്മിറ്റി 1998 സെപ്തംബർ മാസം ആദ്യം ഫിപ്പോർട്ട് സമർപ്പിച്ചു.